# യോഹന്നാന്റെ ജീവപഠനം

## ദൂത് മുപ്പത്തിരണ്ട്

## തന്റെ നിവാസം ഉളവാക്കുന്നതിനുവേണ്ടിയുള്ള ത്രിയേകദൈവത്തിന്റെ പകർച്ച

## (4)

മനുഷ്യത്വവുമായി ദിവ്യത്വം ഇഴുകിച്ചേരുമ്പോൾ ത്രിയേകദൈവവും നാമും, നാമും ത്രിയേകദൈവവും തമ്മിൽ ചേർത്തു കെട്ടുപണിയപ്പെടത്തക്കവണ്ണം, എങ്ങനെ അവനെത്തന്നെ നമ്മിലേക്ക് പകർന്നു തരുന്നു എന്നാണ് യോഹന്നാൻ 14-ാം അദ്ധ്യായം പ്രധാനമായും വെളിപ്പെടുത്തുന്നത്. പിതാവും പുത്രനും ആത്മാവുമായ, ത്രിയേകദൈവം അവനെത്തന്നെ യേശുക്രിസ്തുവിൽ, വിശ്വാസികളിലേക്ക് പകരുന്നു എന്നും, അങ്ങനെ ഈ ദൈവംതന്നെയും വിശ്വാസികളും ദിവ്യത്വവും മനുഷ്യത്വവുമായുള്ള ഒരു കെട്ടുപണിയായി പരസ്പരം ചേർത്തു പണിയപ്പെടുന്നു എന്നും, അങ്ങനെ ഒടുവിൽ ഈ കെട്ടുപണി പരസ്പരവാസസ്ഥലമായിത്തീരുന്നു എന്നും ഈ അദ്ധ്യായം തുറന്നുകാട്ടുന്നു."എന്നിൽ വസിക്കുവിൻ; ഞാൻ നിങ്ങളിലും വസിക്കും"എന്ന 15:4-ലെ കർത്തവിന്റെ വചനത്തിനുള്ള അടിസ്ഥാനം ഇതാണ്. ഇത് ഒരു പരസ്പരവാസം ആണ്, കാരണം നാം അവനിലും അവൻ നമ്മിലും വസിക്കുന്നു. ഇങ്ങനെ പരസ്പരം വസിക്കുന്നതിന് ഒരു പരസ്പര വാസസ്ഥലം ഉണ്ട്. വാസസ്ഥലം ഇല്ലാതെ നമുക്ക് എങ്ങനെ വാസം സാധ്യമാകും? പരസ്പരം വസിക്കുന്നത്, പതിനഞ്ചാം അദ്ധ്യായത്തിൽ വ്യക്തമായി വെളിപ്പെടുത്തിയിട്ടുണ്ടെങ്കിലും, പരസ്പരനിവാസം എവിടെയാണ്? അത് പതിനാലാം അദ്ധ്യായത്തിലാണ്.

പതിനഞ്ചാം അദ്ധ്യായത്തിൽ നമുക്ക്, വസിക്കുക എന്ന വാക്കും, പതിനാലാം അദ്ധ്യായത്തിൽ നമുക്ക്, വാസസ്ഥലം എന്ന വാക്കും ഉണ്ട്. ഈ രണ്ടു വാക്കുകളും എനിക്ക് ഇഷ്ടമാണ്. ഇംഗ്ലീഷിൽ എന്ന പോലെ ഗ്രീക്കിൽ വസിക്കുക എന്ന ക്രിയ, വാസസ്ഥലം എന്ന നാമ

ത്തിന്റെ ക്രിയാരൂപമാണ്. ഗ്രീക്കിൽ നമുക്ക് വാസസ്ഥലം എന്ന നാമപദം പതിനാലാം അദ്ധ്യായത്തിലും, വസിക്കുക എന്ന ക്രിയാപദം പതിനഞ്ചാം അദ്ധ്യായത്തിലും ഉണ്ട്. വസിക്കുക എന്നതിന്റെ അതേ ഗ്രീക്കുപദം ഏകവചനരൂപത്തിലും ബഹുവചനരൂപത്തിലും പതിനാലാം അദ്ധ്യായത്തിൽ ഉണ്ട്. ഏകവചനരൂപം 23-ാം വാക്യത്തിലാണ്; പിതാവും പുത്രനും വന്ന്, കർത്താവായ യേശുവിനെ സ്നേഹിക്കുന്നവനോടുകൂടെ വസിക്കും എന്ന് അവിടെ നമ്മോടു പറയുന്നു. ബഹുവചനരൂപം രണ്ടാം വാക്യത്തിൽ കാണുന്നു; തന്റെ പിതാവിന്റെ ഭവനത്തിൽ അനേക വാസസ്ഥലങ്ങൾ ഉണ്ട് എന്ന് അവിടെ കർത്താവ് നമ്മോടു പറയുന്നു. രണ്ടാം വാക്യത്തിലെ ഗ്രീക്ക് പദത്തെ വാസസ്ഥലങ്ങൾ എന്നതിനു പകരമായി“മാളികകൾ”എന്നാണ് ആധികാരിക ഭാഷ്യം തർജ്ജമ ചെയ്തിരിക്കുന്നത്. ഈ പരിഭാഷ വളരെയേറെ കുഴപ്പങ്ങൾക്ക് കാരണമായിട്ടുണ്ട്. വാസസ്ഥലം പതിനാലാം അദ്ധ്യായത്തിലും വസിക്കുക എന്നത് പതിനഞ്ചാം അദ്ധ്യായത്തിലും ആണ് കാണുന്നതെന്നത് ദയവായി ഗ്രഹിക്കുക. ആദ്യം നമുക്ക് വാസസ്ഥലം ആവശ്യമാണ്; പിന്നെ നമുക്ക് വസിക്കുവാൻ കഴിയും.

യോഹന്നാൻ 15-ലെ വാസത്തെക്കുറിച്ച് മിക്ക ക്രിസ്ത്യാനികളും സംസാരിക്കുന്നത്, വാസസ്ഥലം എവിടെയാണെന്നോ അത് എവിടെനിന്ന് വരുന്നുവെന്നോ, അത് എങ്ങനെ രൂപപ്പെടുന്നു എന്നോ മനസ്സിലാക്കാതെ ആണ്.“എന്നിൽ വസിക്കുവിൻ; ഞാൻ നിങ്ങളിലും വസിക്കും”എന്നു പറയുന്ന വ്യക്തമായ വചനം ഉണ്ടെങ്കിലും, വാസസ്ഥലം എവിടെയാണ്? അത് എങ്ങനെ രൂപപ്പെടുന്നു? വാസസ്ഥലം എന്നത്, പതിനാലാം അദ്ധ്യായമായ മുമ്പിലത്തെ അദ്ധ്യായത്തിൽ, കാണാം; അത് ത്രിയേകദൈവം വിശ്വാസികളിലേക്ക് സ്വയം പകരുന്നതിനാൽ രൂപപ്പെടുന്നു. ഇപ്രകാരം, അവനും വിശ്വാസികളും ദിവ്യത്വവും മനുഷ്യത്വവും ഒന്നായി ചേർത്തുപണിയപ്പെടുന്നു.

നാം കണ്ടതുപോലെ, കർത്താവായ യേശു നമുക്കുവേണ്ടി ഒരു സ്ഥലം ഒരുക്കുവാൻ പോവുകയായിരുന്നു എന്ന് 14:1-6 നമ്മോടു പറയുന്നു. സ്വർഗ്ഗത്തിൽ ഒരു മാളിക ഒരുക്കുവാനല്ല അവൻ പോയതെന്ന് ഇപ്പോൾ നാം മനസ്സിലാക്കുന്നു. അല്ല, അവൻ പോയത്, നമുക്ക് ദൈവത്തിലേക്ക് പ്രവേശിക്കുന്നതിനുവേണ്ടി വഴി വെട്ടുവാനും സ്ഥാനം ഒരുക്കുവാനുമായിരുന്നു. ഈ കാര്യം നമുക്ക് വളരെ വ്യക്തമായിരിക്കണം. താൻ വഴി ആണെന്നും പിതാവ് ലക്ഷ്യസ്ഥാനം ആണെന്നും ആറാം വാക്യത്തിൽ കർത്താവായ യേശു പറഞ്ഞു. നമുക്ക് പിതാവിന്റെ അടുക്കലേക്ക് വരുന്നതിനുവേണ്ടിയുള്ള വഴി താനാണ് എന്ന് അവൻ പറയുകയായിരുന്നു. വഴി, ജീവനുള്ള ഒരു വ്യക്തി ആയതുകൊണ്ട്, ലക്ഷ്യസ്ഥാനവും ജീവനുള്ള വ്യക്തി ആയിരിക്കണം. ലക്ഷ്യസ്ഥാനമായ പിതാവിന്റെ അടുക്കലേക്ക് നമ്മെ കൊണ്ടുവരുന്ന വഴി പുത്രനാണ്.

14:7 മുതൽ നമുക്ക് പിതാവിലേക്ക് എങ്ങനെ പ്രവേശിക്കാം എന്ന് കർത്താവായ യേശു തുടർന്ന് പറയുന്നു. പിതാവിലേക്ക് പ്രവേശിക്കുന്നതിനായി നാം പുത്രനിലേക്ക് പ്രവേശിക്കേണ്ടതുണ്ട്, കാരണം അവൻ പിതാവിൽ ആണ്. നാം അവനിലേക്ക് പ്രവേശിച്ചു കഴിഞ്ഞാൽ, സ്വാഭാവികമായും നാം പിതാവിലാണ്. താൻ ആയിരിക്കുന്ന ഇടത്ത് നാമും ആയിരിക്കത്തക്കവണ്ണം ഒരു സ്ഥലം ഒരുക്കുവാൻ താൻ പോകുന്നു എന്ന് കർത്താവ് പറഞ്ഞു. അവൻ എവിടെയാണ്? അവൻ പിതാവിൽ ആണ്. എന്നാൽ, അവൻ ഈ വാക്കുകൾ പറഞ്ഞപ്പോൾ, നാം പിതാവിൽ ആയിരുന്നില്ല. അതുകൊണ്ട്, അവൻ ആയിരിക്കുന്ന സ്ഥലത്തേക്കുതന്നെ നമ്മെ കൊണ്ടുപോകുന്നതിന് ആവശ്യമായതെല്ലാം ചെയ്യുവാനായി അവൻ പോവുകയായിരുന്നു. ആ സ്ഥലം ഒരു ഭൗതികസ്ഥലമല്ല; അത് പിതാവ് എന്ന ഒരു വ്യക്തിയാണ്. അവൻ പിതാവിൽ ആണ്. അവൻ അവനിലേക്കുതന്നെ നമ്മെ കൊണ്ടുവരുവാൻ പോവുകയായിരുന്നു. അവൻ പിതാവിൽ ആയതുകൊണ്ട്, നാം അവനിലേക്ക് പ്രവേശിച്ചു കഴിഞ്ഞാൽ നാമും പിതാവിൽ ആയിരിക്കും. അതുകൊണ്ട്, ഒടുവിൽ അവൻ ആയിരിക്കുന്ന ഇടത്ത് നാം ആയിരിക്കും. ഇപ്പോൾ നമുക്ക് “ഞാൻ എന്റെ പിതാവിലും നിങ്ങൾ എന്നിലും ഞാൻ നിങ്ങളിലും എന്നു നിങ്ങൾ ആ ദിവസം അറിയും” എന്നു പറയുന്ന 14:20 ഗ്രഹിക്കുവാൻ കഴിയുന്നു. ഇതാണ് ദിവ്യത്വത്തിന്റെ മനുഷ്യത്വവുമായുള്ള ഇഴുകിച്ചേരൽ. ദിവ്യത്വത്തിന്റെ മനുഷ്യത്വവുമായുള്ള ഈ ഇഴുകിച്ചേരലാണ് പരസ്പര നിവാസം. ദൈവം മനുഷ്യനിലും മനുഷ്യൻ ദൈവത്തിലും വസിക്കുന്നു. ദൈവം മനുഷ്യനിലും മനുഷ്യൻ ദൈവത്തിലും നിലനിൽക്കുന്നു. ഇതാണ് പരസ്പര വാസസ്ഥലം, പരസ്പരനിവാസം. ഇതാണ് യോഹന്നാൻ 14-ന്റെ കേന്ദ്രചിന്ത.

നാം കണ്ടതുപോലെ, യോഹന്നാൻ 14-ൽ പിതാവ് ഉറവിടവും ആരംഭവും സാരാംശവും മൂലകവും ആണ്. പുത്രൻ, പിതാവ് ആയിരിക്കുന്നതിന്റെയെല്ലാം ആവിഷ്കാരവും വെളിപ്പാടും ദേഹരൂപവും ആണ്. പുത്രനില്ലാതെ പിതാവിനെ കാണുവാൻ കഴിയുകയില്ല, എന്നാൽ പുത്രനോടുകൂടെ പിതാവ് ദേഹരൂപമായിരിക്കുകയും വെളിപ്പെടുകയും ആവിഷ്കരിക്കപ്പെടുകയും മനുഷ്യരുടെ ഇടയിൽ കാണപ്പെടുകയും ചെയ്യുന്നു. മനുഷ്യർക്ക് പുത്രനെ കാണാം. പുത്രനെ കാണുന്ന നാളോളം അവർ പിതാവിനെ കാണുന്നു, കാരണം പിതാവ് പുത്രനിൽ ദേഹരൂപമെടുത്തിരിക്കുന്നു. തന്റെ മരണപുനരുത്ഥാനങ്ങൾക്കു മുമ്പ് പുത്രന് മനുഷ്യനിലേക്ക് പ്രവേശിക്കുവാൻ കഴിഞ്ഞിരുന്നില്ല. അവന് മനുഷ്യരുടെ ഇടയിൽ ആയിരിക്കുവാനും അവർക്ക് കാണുവാനും കഴിഞ്ഞു, എന്നാൽ അവന് അവരിലേക്ക് പ്രവേശിക്കുവാൻ കഴിഞ്ഞില്ല. അതുകൊണ്ട്, പുത്രന് ക്രൂശിലേക്ക് പോവുകയും മരണപുനരുത്ഥാനങ്ങൾ എന്ന പ്രക്രിയയിലൂടെ കടന്നുപോവുകയും ചെയ്യേണ്ടിയിരുന്നു. മരണപുനരുത്ഥാനങ്ങളിലൂടെ പ്രക്രിയാവിധേയനായ

തിനാൽ, പുത്രന്റെ രൂപം കായാന്തരപ്പെട്ടു. ജഡത്തിന്റെ രൂപത്തിൽനിന്ന് ആത്മാവിന്റെ രൂപമായി അവൻ കായാന്തരപ്പെട്ടു.

ഇത്, മുറിക്കുകയും പിഴിയുകയും ചെയ്യുക എന്ന പ്രക്രിയയിലൂടെ ഒരു വലിയ തണ്ണിമത്തൻ ചാറായി മറുരൂപപ്പെടുന്നതിന് സദൃശമാണ്. ഈ പ്രക്രിയയുടെ ഫലമായി ചാറിന് ആരിലേക്കും എളുപ്പത്തിൽ പ്രവേശിക്കാം. കർത്താവ് ഈ വിധം പ്രക്രിയാവിധേയനാകുന്നതിന് മുമ്പ്, ആത്മാവ് "അതുവരെ ഇല്ലായിരുന്നു"(7:39), എന്നാൽ ഈ പ്രക്രിയയ്ക്കു ശേഷം, ജീവന്റെ ആത്മാവ് ഇവിടെ ഉണ്ട്. ഇതേ വിധത്തിൽ, തണ്ണിമത്തൻ പ്രക്രിയാവിധേയമാകുന്നതിനു മുമ്പ്, ചാറ്"ഇല്ലായിരുന്നു."ഒരു വലിയ മത്തങ്ങ മാത്രമേ ഉണ്ടായിരുന്നുള്ളു. എന്നാൽ പ്രക്രിയയ്ക്കു ശേഷം, നമുക്കു കുടിക്കുന്നതിനുവേണ്ടി തണ്ണിമത്തന്റെ ചാറ് ഉണ്ട്.

എന്താണ് ആത്മാവ്? അത്, പിതാവായ ദൈവവും പുത്രനായ ദൈവവും ആയിരിക്കുന്നതിന്റെയെല്ലാം യാഥാർത്ഥ്യം, സാക്ഷാത്കരണം ആണ്. പിതാവും പുത്രനും ആയിരിക്കുന്നതെല്ലാം ആത്മാവിൽ സാക്ഷാത്കരിക്കുന്നു. ഈ ആത്മാവ് നമ്മുടെ അടുത്ത് വരുകയും നമ്മിലേക്ക് പ്രവേശിക്കുകയും നമ്മിൽ വസിക്കുകയും ചെയ്യുന്നു. ഈ വിധത്തിൽ ത്രിയേകദൈവം നമ്മിലേക്ക് പകരപ്പെടുന്നു. ഈ പകർച്ചയിലൂടെ, പുത്രൻ പിതാവിൽ ആണെന്നും നാം പുത്രനിൽ ആണെന്നും പുത്രൻ നമ്മിൽ ആണെന്നും നമുക്ക് എല്ലാവർക്കും അറിയുവാൻ കഴിയുന്നു. അവനും നാമും, നാമും അവനും ഒരു ഇഴുകിച്ചേർന്ന ഉണ്മ ആയിത്തീരുന്നു. ഈ ഇഴുകിച്ചേർന്ന ഉണ്മയാണ് ദിവ്യത്വത്തിന്റെയും മനുഷ്യത്വത്തിന്റെയും പരസ്പര വാസസ്ഥലം. ഈ വാസസ്ഥലത്തോടുകൂടെ പരസ്പരനിവാസം ഉണ്ട്. നാം അവനിൽ വസിക്കുകയും അവൻ നമ്മിൽ വസിക്കുകയും ചെയ്യുന്നു. ഇതാണ് ദൈവത്തിന്റെ പകർച്ച.

Tue

## III. ത്രിയേകദൈവം വിശ്വാസികളോടുകൂടെ വസിക്കുന്നു

ത്രിയേകദൈവം വിശ്വാസികളോടുകൂടെ വസിക്കുന്നു എന്നത് നാം ഇപ്പോൾ പരിഗണിക്കണം. 21 മുതൽ 24 വരെയുള്ള വാക്യങ്ങളിൽ ഇത് വിവരിച്ചിട്ടുണ്ട്. എന്നിരുന്നാലും, ഇതിലേക്ക് വരുന്നതിനുമുമ്പ് മറ്റു ചില കാര്യങ്ങൾ നാം കാണേണ്ടിയിരിക്കുന്നു.

### A. പുത്രൻ വന്ന് പിതാവിനാൽ ജീവിച്ച് പിതാവിന്റെ നാമത്തിൽ കാര്യങ്ങൾ ചെയ്തു

പുത്രൻ വന്ന് പിതാവിനാൽ ജീവിക്കുകയും(5:43; 6:57) പിതാവിന്റെ നാമത്തിൽ അനേക കാര്യങ്ങൾ ചെയ്യുകയും(10:25) ചെയ്തു. പിതാവ് പുത്രനിൽ മഹത്വപ്പെടേണ്ടതിന്(14:13) പിതാവ് അവനിൽ

പ്രവർത്തിച്ചു(14:10). പുത്രൻ സംസാരിച്ചപ്പോൾ, പിതാവ് പ്രവർത്തിച്ചു. പിതാവ് ഉറവിടവും പുത്രൻ ആവിഷ്കാരവും ആണ് എന്ന് നിങ്ങളെ കാണിക്കുവാനാണ് ഞാൻ ഇത് സൂചിപ്പിക്കുന്നത്. പുത്രൻ പിതാവിന്റെ നാമത്തിൽ വരുകയും പിതാവ് പുത്രനിലൂടെ പ്രവർത്തിക്കുകയും ചെയ്തു. ഉറവിടമായ പിതാവിന്റെ ആവിഷ്കാരമാണ് പുത്രൻ.

## B.വിശ്വാസികൾ പുത്രനാൽ ജീവിച്ച് പുത്രന്റെ നാമത്തിൽ ഏറെ വലിയ കാര്യങ്ങൾ ചെയ്യുന്നു

ഇപ്പോൾ വിശ്വാസികൾ പുത്രനാൽ ജീവിക്കണം(6:57).“എന്നെ തിന്നുന്നവൻ എൻ മൂലം ജീവിക്കും”എന്ന് 6:57-ൽ കർത്താവായ യേശു പറഞ്ഞു, നാം യേശുവിനെ ഭക്ഷിക്കണം. ഇവിടെ, ഭക്ഷിക്കുക എന്നതിനുള്ള ഗ്രീക്ക് പദം“ചവയ്ക്കുക”എന്നാണ്. നാം യേശുവിനെ സാധാരണ രീതിയിൽ ഭക്ഷിക്കരുത്. നാം അവനെ ചവച്ച് അരച്ച് ഒരു പ്രത്യേക രീതിയിൽ ഭക്ഷിക്കണം. പ്രാകൃതമായ രീതിയിൽ യേശുവിനെ ഭക്ഷിക്കരുത്-അവനെ സാവധാനം ചവച്ച് ഭക്ഷിക്കണം.

കർത്താവിൽ വിശ്വസിക്കുന്നവർ അവൻ ചെയ്തതിലും അധികതരമായ പ്രവൃത്തികൾ ചെയ്യും എന്ന് 14:12-ൽ കർത്താവ് പറഞ്ഞു. 13-ഉം 14-ഉം വാക്യങ്ങളിൽ നാം അവന്റെ നാമത്തിൽ എന്തെങ്കിലും ചോദിച്ചാൽ അവൻ അത് ചെയ്തുതരും എന്ന് അവൻ പറഞ്ഞു. കർത്താവിന്റെ നാമത്തിൽ ആയിരിക്കുക എന്നാൽ, കർത്താവുമായി ഒന്നായിരിക്കുകയും, കർത്താവിനാൽ ജീവിക്കുകയും, കർത്താവിനെ നമ്മിൽ ജീവിക്കുവാൻ അനുവദിക്കുകയും ചെയ്യുകയാണ്. കർത്താവ് വന്ന് പിതാവിന്റെ നാമത്തിൽ കാര്യങ്ങൾ ചെയ്തു എന്നാൽ, അവൻ പിതാവുമായി ഒന്നായിരുന്നു എന്നും(10:30), അവൻ പിതാവിനാൽ ജീവിച്ചു എന്നും പിതാവ് അവനിൽ പ്രവർത്തിച്ചു എന്നും ആണ്. സുവിശേഷങ്ങളിൽ, കർത്താവ് പിതാവിന്റെ ആവിഷ്കാരം എന്ന നിലയിൽ പിതാവിന്റെ നാമത്തിൽ കാര്യങ്ങൾ ചെയ്തു. പ്രവൃത്തികളിൽ, കർത്താവിന്റെ ആവിഷ്കാരം എന്ന നിലയിൽ, ശിഷ്യന്മാർ അതിലും മഹത്തരമായ കാര്യങ്ങൾ കർത്താവിന്റെ നാമത്തിൽ ചെയ്തു. പുത്രൻ ആത്മാവായി ആവിഷ്കരിക്കപ്പെടത്തക്കവണ്ണം പുത്രൻ അവരിൽ ജീവിക്കേണ്ടത് അവർക്ക് ആവശ്യമായിരുന്നു(14:19).

## C. പുത്രൻ വിശ്വാസികളിൽ ജീവിച്ചുകൊണ്ട് സംസാരിക്കുന്നു

പുത്രൻ വിശ്വാസികളിൽ ജീവിച്ചുകൊണ്ട് സംസാരിക്കുന്നു. ഇത് ഒരു സുപ്രധാന കാര്യമാണ്. നമ്മുടെ ഉള്ളിലുള്ള ജീവിക്കുന്ന ക്രിസ്തു സ്ഥിരമായി സംസാരിക്കുന്നു. അവൻ ഒരിക്കലും സംസാരം നിർത്തുകയില്ല. നാം ഇപ്പോഴും അനേക പ്രതിലോമ കാര്യങ്ങളുള്ള ഒരു സാഹചര്യത്തിൽ ആയിരിക്കുന്നു എന്ന വസ്തുത നിമിത്തം, മിക്ക സമയത്തും ജീവിക്കുന്ന ഈ ക്രിസ്തു ഒരു വാക്കു മാത്രമേ പറയുന്നുള്ളു-

പാടില്ല. പ്രഭാതം മുതൽ പ്രദോഷം വരെയും പ്രദോഷം മുതൽ പ്രഭാതം വരെയും അവൻ നമ്മോട് പറയുന്ന ഒരേയൊരു കാര്യം പാടില്ല എന്നാണ്. ഒരു സഹോദരി,"ഞാൻ ഒരു ജോടി ഷൂ വാങ്ങുവാൻ ഡിപ്പാർട്ട്മെന്റ് സ്റ്റോറിൽ പോവുകയാണ്" എന്ന് പറഞ്ഞേക്കാം. അപ്പോൾ കർത്താവ് പറയുന്നു,"പാടില്ല"എന്ന്. ഒരു സഹോദരൻ പ്രത്യേക വ്യക്തിയോട് സംസാരിക്കുവാൻ താൽപര്യപ്പെടുമ്പോൾ ഉള്ളിൽ വസിക്കുന്ന ക്രിസ്തു പറയുന്നു,"പാടില്ല,"എന്ന്. നിങ്ങളുടെ അനുഭവം ഇതല്ലേ? ഉള്ളിൽ വസിക്കുന്ന ക്രിസ്തു മിക്കപ്പോഴും ഈ വാക്ക് നിങ്ങളോട് സംസാരിക്കുന്നു എന്ന് എനിക്കറിയാം.

## D. വിശ്വാസി പുത്രനെ സ്നേഹിക്കുകയും, അവന്റെ കല്പനകൾ പാലിക്കുകയും, പിതാവിനാലും പുത്രനാലും സ്നേഹിക്കപ്പെടുകയും അവന് പുത്രന്റെ വെളിപ്പെടൽ ഉണ്ടായിരിക്കുകയും ചെയ്യുന്നു

കർത്താവിനെ സ്നേഹിക്കുന്നുവെങ്കിൽ നാം അവന്റെ കല്പനകൾ പാലിക്കും(14:15,21,23). 14:21-ൽ കർത്താവ് ഇങ്ങനെ പറഞ്ഞു,"എന്റെ കല്പനകൾ ലഭിച്ചു പാലിക്കുന്നവൻ എന്നെ സ്നേഹിക്കുന്നവനാകുന്നു; എന്നെ സ്നേഹിക്കുന്നവനെ എന്റെ പിതാവു സ്നേഹിക്കുന്നു: ഞാനും അവനെ സ്നേഹിച്ച് അവന് എന്നെത്തന്നെ വെളിപ്പെടുത്തും." നാം കർത്താവിന്റെ കല്പനകൾ പാലിക്കുന്നുവെങ്കിൽ, നമ്മെ പിതാവും പുത്രനും സ്നേഹിക്കുകയും പുത്രൻ അവനെത്തന്നെ നമുക്ക് വെളിപ്പെടുത്തുകയും ചെയ്യും. നിങ്ങളുടെ അനുഭവം അനുസരിച്ച്, കർത്താവ് നിങ്ങളോട് "അരുത്"എന്ന വാക്ക് പറയുകയും നിങ്ങൾ അവനെ അനുസരിക്കുകയും ചെയ്തപ്പോൾ, എന്തായിരുന്നു ഫലം എന്ന് എന്നോട് പറയൂ. നിങ്ങൾ അപ്പോൾതന്നെ കർത്താവിന്റെ സാന്നിധിയിൽ ആണെന്ന് നിങ്ങൾ കണ്ടു. എന്നാൽ നാം"അരുത്"എന്ന ആ ചെറിയ വാക്ക് ശ്രദ്ധിക്കാതിരിക്കുന്നുവെങ്കിൽ, നമുക്ക് അവന്റെ സാന്നിദ്ധ്യം നഷ്ടപ്പെടുമായിരുന്നു. നാം അവന്റെ സംസാരം ശ്രദ്ധിക്കുകയും അവന്റെ കല്പനകൾ പാലിക്കുകയും ചെയ്യുമ്പോഴെല്ലാം, അവന്റെ സാന്നിദ്ധ്യം പെട്ടെന്ന് തീവ്രത പ്രാപിക്കുകകയും വളരെ മധുരവും വിലയേറിയതും നനയ്ക്കുന്നതും ബലപ്പെടുത്തുന്നതും പ്രകാശിപ്പിക്കുന്നതും പോഷിപ്പിക്കുന്നതും ആകുകയും ചെയ്യും. ഇതാണ് ഉള്ളിൽ വസിക്കുന്ന ക്രിസ്തുവിന്റെ വെളിപ്പെടൽ.

ഉള്ളിൽ വസിക്കുന്ന ക്രിസ്തു വെളിപ്പെടുമെന്ന് പറയുന്നത് യുക്തിസഹമല്ല എന്ന് തോന്നുന്നുവോ? നിങ്ങൾ ഇങ്ങനെ ചോദിച്ചേക്കാം,"അവൻ എന്റെ ഉള്ളിൽ വസിക്കുന്നതുകൊണ്ട്, അവൻ ഇപ്പോൾതന്നെ ഇവിടെ ഉണ്ട്. അവൻ സ്വയം വെളിപ്പെടുത്തും എന്ന് നിങ്ങൾ പറയുന്നത് എന്തുകൊണ്ടാണ്?"കാരണം ഉള്ളിൽ വസിക്കുന്ന ക്രിസ്തു പലപ്പോഴും അപ്രത്യക്ഷനാകുന്നു, അവൻ നിങ്ങളുടെ

ഉള്ളിൽ വസിക്കുന്നുവെങ്കിലും, നിങ്ങളുടെ ആന്തരിക ബോധത്തിൽനിന്ന് അവൻ പ്രത്യക്ഷമാകുന്നുവോ അപ്രത്യക്ഷമാകുന്നുവോ എന്നത്, അവന്റെ വാക്കുകൾ നിങ്ങൾ ശ്രദ്ധിക്കുന്നുവോ ഇല്ലയോ എന്നതിനെ ആശ്രയിച്ചിരിക്കുന്നു. എല്ലാ സഹോദരീസഹോദരന്മാർക്കും, അവർ ചെറുപ്പക്കാരായാലും പ്രായമുള്ളവർ ആയാലും അവർക്കു ഇതിനെക്കുറിച്ച് കുറച്ച് അനുഭവം ഉണ്ട്. ഒരിക്കൽ എനിക്ക് കുറച്ച് ഏകാന്തത അനുഭവപ്പെട്ടപ്പോൾ, ഞാൻ എന്നോടുതന്നെ പറഞ്ഞു,"ഞാൻ യോഹന്നാൻ സഹോദരനെ കണ്ട് സംസാരിക്കുവാൻ താല്പര്യപ്പെടുന്നു."എന്നാൽ ഉള്ളിൽ വസിക്കുന്ന ക്രിസ്തു അരുത് എന്നു പറഞ്ഞു. പിന്നെ ഞാൻ പറഞ്ഞു,"ഞാൻ ഫ്രാൻസിസ് സഹോദരനെ കാണുവാൻ പോയാലോ?" ഉള്ളിൽ വസിക്കുന്നവൻ അരുത് എന്ന് വീണ്ടും പറഞ്ഞപ്പോൾ, ഞാൻ ചോദിച്ചു,"ഞാൻ എന്ത് ചെയ്യണം?"കർത്താവ് പറഞ്ഞു,"എന്നോടുകൂടെ ഇരിക്കുക." ആരാണ് ഈ "ഞാൻ?"അവനാണ് ഉള്ളിൽ വസിക്കുന്ന ക്രിസ്തു. ഇത്തരം ഒരു സന്ദർഭത്തിൽ ഞാൻ,"ആമേൻ, കർത്താവേ,"എന്നു പറഞ്ഞാൽ, ഉള്ളിൽ വസിക്കുന്ന ക്രിസ്തു പ്രകാശിക്കുകയും വളരെ മാധുര്യവാനും ബലം നൽകുന്നവനും ആകുകയും ചെയ്യും. അവൻ വളരെ പ്രകാശം കൊണ്ടുവരും. എന്നാൽ, അവൻ അരുത് എന്നു പറയുന്നത് കേൾക്കുമ്പോൾ അവന്റെ വാക്ക് ഞാൻ ശ്രദ്ധിക്കാതിരിക്കുകയും സഹോദരന്മാരെ കാണുവാൻ പോവുകയും ചെയ്തിരുന്നുവെങ്കിൽ, അവന്റെ സാന്നിദ്ധ്യം അപ്രത്യക്ഷമാവുകയും എന്റെ ഉള്ളിൽ അന്ധകാരം പ്രബലപ്പെടുകയും എനിക്ക് ദിശ നഷ്ടപ്പെടുകയും സമാധാനം ഇല്ലാതാവുകയും ചെയ്യുമായിരുന്നു.

നാം എല്ലാവരും പഠിക്കേണ്ട ഒരു കാര്യം, കർത്താവിന്റെ കല്പനകൾ അനുസരിക്കുന്നത് നമുക്ക് അവനോടുള്ള സ്നേഹത്തെ ആശ്രയിച്ചിരിക്കുന്നു എന്നതാണ്. നിങ്ങൾ കർത്താവിനെ സ്നേഹിക്കുന്നുവെങ്കിൽ, അവൻ അരുത് എന്നു പറയുമ്പോൾ "നിങ്ങൾ" ആമേൻ പറയും."ആമേൻ"പറയുന്നത് നിങ്ങൾ ഗൗരവപൂർവ്വം എടുക്കുന്നുവെങ്കിൽ, നിങ്ങൾക്ക് അവന്റെ പ്രത്യക്ഷത ഉണ്ടാകും. തന്നെ സ്നേഹിക്കുകയും തന്റെ കല്പനകൾ പാലിക്കുകയും ചെയ്യുന്നവർക്കെല്ലാം കർത്താവ് അവനെത്തന്നെ വെളിപ്പെടുത്തും. കർത്താവ് അവനെത്തന്നെ നമുക്ക് വെളിപ്പെടുത്തുന്നതിനു മുമ്പ് അവൻ മൂന്നാം സ്വർഗ്ഗത്തിലാണ് എന്നല്ല ഇതിനർത്ഥം. അല്ല, അവൻ നമ്മുടെ ഉള്ളിലാണ്, എന്നാൽ നമ്മുടെ അനുസരണക്കേട് നിമിത്തം, അവന്റ സാന്നിദ്ധ്യം അപ്രത്യക്ഷമാവുകയും, വെളിച്ചം അന്ധകാരമാവുകയും, ശക്തി ബലഹീനതയാവുകയും, ജീവൻ മരണമാവുകയും ചെയ്യും.

യോഹന്നാന്റെ സുവിശേഷത്തിലുടനീളം രണ്ടു ആവശ്യങ്ങളേ ഉള്ളൂ: ഒന്നാമത്തേത് അവനിൽ വിശ്വസിക്കുക എന്നതും, രണ്ടാമത്തേത് അവനെ സ്നേഹിക്കുക എന്നതും. അവനിൽ വിശ്വസിക്കുക എന്നത് അവനെ സ്വീകരിക്കുന്നതും, അവനെ സ്നേഹിക്കുക എന്നത്

അവനെ ആസ്വദിക്കുന്നതും ആണ്. നാം എല്ലാവരും അവനിൽ വിശ്വസിച്ചു. ഇതിന്റെ അർത്ഥം നാം എല്ലാവരും അവനെ സ്വീകരിച്ചു എന്നാണ്. എന്നാൽ ഇന്നത്തെ പ്രശ്നം നാം അവനെ സ്നേഹിക്കുന്നുവോ ഇല്ലയോ എന്നതാണ്. കർത്താവായ യേശുവിനെ നിങ്ങൾ സ്വീകരിച്ചു; അവൻ ഇപ്പോൾ നിങ്ങളുടെ ഉള്ളിൽ ഉണ്ട്; എങ്കിലും നിങ്ങൾ അവനെ സ്നേഹിക്കുന്നില്ലായിരിക്കാം. നാം ദിവസം മുഴുവനും കർത്താവായ യേശുവിനെ സ്നേഹിക്കുന്നവർ ആയിരിക്കണം. അതുകൊണ്ടാണ്, പന്ത്രണ്ടാം അദ്ധ്യായത്തിലെ സഭാജീവിതത്തിന്റെ ഹ്രസ്വരൂപത്തിന്റെ ഏറ്റവും പ്രധാനമായ വശം കർത്താവിന്മേൽ പകരപ്പെട്ട തൈലമായ സ്നേഹം ആയിരിക്കുന്നത്. നാം എല്ലാവരും അവനെ സ്നേഹിക്കണം. അവന്റെ സാന്നിദ്ധ്യം എല്ലായ്പ്പോഴും അവനോടുള്ള നമ്മുടെ സ്നേഹവുമായി ബന്ധപ്പെട്ടിരിക്കുന്നു. അവനെ സ്നേഹിക്കുന്തോറും നാം അവന്റെ സാന്നിദ്ധ്യം ആസ്വദിക്കും. എന്താണ് അവന്റെ സാന്നിദ്ധ്യം? അത് കേവലം അവനെത്തന്നെ ആസ്വദിക്കുന്നതാണ്. നമുക്ക് അവന്റെ സാന്നിദ്ധ്യം ഉള്ളിടത്തോളം, നാം അവനെ ആസ്വദിക്കുന്നു. നാം സ്നേഹിക്കുന്തോറും, നമുക്ക് അവന്റെ സാന്നിദ്ധ്യം ലഭിക്കും. നാം അവന്റെ സാന്നിദ്ധ്യത്തിൽ ആയിരിക്കുന്തോറും, അവൻ നമുക്ക് ആയിരിക്കുന്നതെല്ലാം നാം ആസ്വദിക്കും. നമുക്ക് അവനെ സ്നേഹിച്ചാൽ മാത്രം മതി. അറിയുന്നത് യാതൊന്നുമല്ല, സ്നേഹിക്കുന്നത് മാത്രമേ പരിഗണിക്കപ്പെടുന്നുള്ളു. നാം എല്ലാവരും അവനെ എത്രമാത്രം സ്നേഹിക്കണം! ഞാൻ അൻപത് വർഷമായി അവനെ സ്നേഹിച്ചുകൊണ്ടിരിക്കുന്നു, ഇന്ന് അവൻ എന്നത്തേക്കാളും സ്നേഹയോഗ്യനായി എനിക്ക് അനുഭവപ്പെടുന്നു. അവനെപ്പോലെ സ്നേഹയോഗ്യനായി ആരുമില്ല. ഉത്തമഗീതം അവൻ പൂർണ്ണമായും സ്നേഹയോഗ്യനാണ് എന്നു പറയുന്നു (5:16). കർത്താവിന്റെ പ്രത്യുദ്ധാരം കർത്താവായ യേശുവിനെ സ്നേഹിക്കുന്നതിന്റെ പ്രത്യുദ്ധാരമാണ്. നാം അവനെ സ്നേഹിക്കുന്നില്ലെങ്കിൽ, അവന്റെ പ്രത്യുദ്ധാരവുമായുള്ള നമ്മുടെ ബന്ധം അവസാനിക്കുന്നു.

Wed

## E. പിതാവും പുത്രനും ആത്മാവായി വിശ്വാസികളുടെ അടുത്ത് വരുന്നു

പിതാവും പുത്രനും ആത്മാവായി വിശ്വാസികളുടെ അടുത്ത് വരുന്നു,"അവർ നേരത്തെതന്നെ ഇവിടെ ഇല്ലേ?"എന്ന് നിങ്ങൾ ചോദിച്ചേക്കാം. ഉവ്വ്, അവർ ഇവിടെ ഉണ്ട്, എന്നാൽ അവർ പ്രത്യക്ഷപ്പെടുന്നില്ല. അവരുടെ വരവ് അവരുടെ പ്രത്യക്ഷതയാണ്. പിതാവും പുത്രനും വിശ്വാസികളുടെ അടുത്ത് വരും എന്ന് കർത്താവു പറയുമ്പോൾ, അതിനർത്ഥം അവർ യേശുവിനെ സ്നേഹിക്കുന്നവരിൽനിന്ന് അകലെയാണ് എന്നല്ല. അവർ ഇവിടെ യേശുവിനെ സ്നേഹിക്കുന്നവരോടുകൂടെയുണ്ട്, എന്നാൽ അവർ പ്രത്യക്ഷപ്പെട്ടില്ല. അവരുടെ വരവ് ആണ് അവരുടെ പ്രത്യക്ഷത.

## F. ത്രിയേകദൈവം വിശ്വാസിയുമായി ഒരു പരസ്പരനിവാസം ഉണ്ടാക്കുന്നു

ത്രിയേകദൈവം വിശ്വാസിയുമായി ഒരു പരസ്പരനിവാസം ഉണ്ടാക്കുന്നു. 23-ാം വാക്യത്തിൽ കർത്താവ്,"പിതാവും ഞാനും അവനോടുകൂടെ വസിക്കും,"എന്ന് പറയുന്നില്ല. അവൻ പറയുന്നത്, "ഞങ്ങൾ അവന്റെ അടുത്തുവന്ന് അവനോടുകൂടി ഒരു നിവാസം ഉണ്ടാക്കും" എന്നാണ്. ഒത്തു വസിക്കുക എന്നതും ഒരു നിവാസം ഉണ്ടാക്കുക എന്നതും ആയ രണ്ടു പ്രയോഗങ്ങൾ തമ്മിൽ വ്യത്യാസമുണ്ട്. ഭാഷയിലുള്ള ഒരു ശൈലി എന്നതിലുപരിയാണ് വ്യത്യാസം എന്നത്. ഭാഷയെ സംബന്ധിച്ചിടത്തോളം,"പിതാവും ഞാനും വന്ന് അവനോടുകൂടെ വസിക്കും"എന്നത് ശരിയാണ്. പിതാവും ഞാനും അവന്റെ അടുത്ത് വന്ന് അവനോടുകൂടെ ഒരു നിവാസം ഉണ്ടാക്കും എന്നത് കൂടുതൽ അർത്ഥവത്താണ്. ഏതു വിധത്തിലാണ് അത് കൂടുതൽ അർത്ഥവത്തായിരിക്കുന്നത്? പിതാവും പുത്രനും യേശുവിനെ സ്നേഹിക്കുന്നവനെ തങ്ങളുടെ വാസസ്ഥലമായെടുക്കുകയും വിശ്വാസി അവർക്ക് വാസസ്ഥലമാവുകയും ചെയ്യുന്നതിൽ. കർത്താവ് ഇങ്ങനെ പറയുന്നതായി കരുതാം,"അവനും ഞങ്ങൾക്കും ഒരു നിവാസം ലഭിക്കത്തക്കവണ്ണം ഞങ്ങൾ അവനോടൊത്ത് ഒരു വാസസ്ഥലം ഉണ്ടാക്കും. അവൻ ഞങ്ങളുടെ വാസസ്ഥലവും ഞങ്ങൾ അവന്റെ വാസസ്ഥലവും ആയിരിക്കും."

15:4-5-ന്റെ അടിസ്ഥാനം ഈ വാക്യമാണ്-"എന്നിൽ വസിക്കുവിൻ; ഞാൻ നിങ്ങളിലും വസിക്കും."15:4-5-ന്റെ അടിസ്ഥാനം 14:23 ആണ് എന്ന് മിക്ക ക്രിസ്ത്യാനികളും ഗ്രഹിച്ചിട്ടില്ല. അവിടെ, അവനെ സ്നേഹിക്കുന്ന വിശ്വാസിക്ക് പിതാവും പുത്രനും ആത്മാവായി പ്രത്യക്ഷമാവുന്നതിനാൽ ഉണ്ടാക്കപ്പെട്ട പരസ്പരനിവാസം നമുക്കുണ്ട്. അതായത്, ഈ വാസസ്ഥലം ത്രിയേകദൈവത്തിന്റെ സന്ദർശനത്താൽ ഒരുക്കപ്പെടുന്നു. ത്രിയേകദൈവം നിങ്ങൾക്ക് ഒരു സന്ദർശനം നൽകുമ്പോൾ, അവന്റെ സന്ദർശനം നിങ്ങളെ അവന്റെ വാസസ്ഥാനം ആക്കുകയും അത് അവനെ നിങ്ങളുടെ വാസസ്ഥലം ആക്കുകയും ചെയ്യും. ഒടുവിൽ, നിങ്ങളും അവനും, അവനും നിങ്ങളും ഒരു പരസ്പര നിവാസം ആകും. നിങ്ങൾ അവനിൽ വസിക്കുകയും അവൻ നിങ്ങളിൽ വസിക്കുകയും ചെയ്യും. ഇത് അത്ഭുതകരമാണ്. അവൻ നിങ്ങളിൽ വസിക്കുന്നവൻ ആകുക മാത്രമല്ല, അവൻ നിങ്ങളുടെ വാസസ്ഥലം ആകുകയും ചെയ്യും. അവനെ നമ്മിൽ വസിക്കുവാനായി ലഭിക്കുന്നത് അത്ഭുതകരമാണെങ്കിലും, അതിലധികമായി ഞാൻ അവനെ എന്റെ വാസസ്ഥലമായി സ്വീകരിക്കുന്നു. നമുക്ക് അവനിൽ വസിക്കുവാനും അവന് നമ്മിൽ വസിക്കുവാനും കഴിയുന്നു. ഇത്തരം ഒരു സാഹചര്യത്തിൽ പാപത്തിനോ ലോകത്തിനോ സാത്താനോ പഴയ മനുഷ്യനോ ജഡത്തിനോ സ്ഥാനമില്ല. അത്തരം കാര്യങ്ങളെല്ലാം നീക്കിക്കളഞ്ഞിരിക്കുന്നു.

നിങ്ങളുടെ പൂർവ്വാനുഭവം സത്യസന്ധമായി പരിഗണിക്കുവാൻ ഞാൻ നിങ്ങളോട് അപേക്ഷിക്കുന്നു. നിങ്ങൾക്ക് ഈ അനുഭവം മുമ്പ് ഉണ്ടായിട്ടില്ലേ? നിങ്ങളുടെ ഉള്ളിൽ ആഴത്തിൽ കർത്താവായ യേശുവിനോട് മധുരമായ ഒരു ആദരവ് നിങ്ങൾക്ക് ഉണ്ടാവുകയും, "കർത്താവേ, ഞാൻ നിന്നെ സ്നേഹിക്കുന്നു"എന്നു നിങ്ങൾ പറയുകയും ചെയ്തു. അപ്പോൾ കർത്താവ് പറഞ്ഞു,"നീ എന്നെ സ്നേഹിക്കുന്നതുകൊണ്ട്, നീ ഇതും അതും ചെയ്യരുത് എന്നാണ് എന്റെ കല്പന." "ആമേൻ, കർത്താവായ യേശുവേ,"എന്ന് നിങ്ങൾ പറഞ്ഞു. ഒരുപക്ഷേ, നിറഞ്ഞ കണ്ണുകളോടെ ആയിരിക്കും നിങ്ങൾ ആമേൻ പറഞ്ഞത്. ഉടൻതന്നെ നിങ്ങളുടെ ഉള്ളിൽ അവന്റെ പ്രത്യക്ഷതയുടെ ബോധം ഉണ്ടായി. നിങ്ങൾ അത്രമാത്രം അവന്റെ സാന്നിദ്ധ്യത്തിൽ ആയിരുന്നു. ആ സമയത്ത് അവൻ നിങ്ങളെ അവനെക്കൊണ്ടുതന്നെ നിറയ്ക്കുന്നതായും നിങ്ങൾ അവനിലേക്ക് വലിച്ചടുപ്പിക്കപ്പെടുന്നതായും ഉള്ള ബോധം നിങ്ങൾക്കുണ്ടായി. നിങ്ങൾ അവനിൽ വസിക്കുകയും അവൻ നിങ്ങളിൽ വസിക്കുകയും ചെയ്തു. നിങ്ങൾ അവന്റെ വാസസ്ഥലം ആയിരുന്നു, അവൻ നിങ്ങളുടെയും. നമുക്ക് എല്ലാവർക്കും ആഴമായ വിധത്തിലോ ആഴമില്ലാത്ത വിധത്തിലോ, നീണ്ട ഒരു കാലത്തേക്കോ, ചുരുങ്ങിയ നിമിഷങ്ങളിലേക്കോ ഇത്തരം അനുഭവം ഉണ്ടായിട്ടുണ്ട് എന്ന് ഞാൻ വിശ്വസിക്കുന്നു. നമുക്ക് ഈ അനുഭവം ദിവസം മുഴുവനും ആവശ്യമാണ്.

## G. വാസസ്ഥലം അനേകങ്ങളിൽ ഒന്ന്

ഈ പരസ്പരവാസസ്ഥലം അപ്രകാരമുള്ള അനേക വാസസ്ഥലങ്ങളിൽ ഒന്നു മാത്രമാണ്. രണ്ടാം വാക്യത്തിൽ ഉള്ള അനേക വാസസ്ഥലങ്ങളിൽ ഒന്നാണ് 23-ാം വാക്യത്തിൽ പറഞ്ഞിരിക്കുന്ന വാസസ്ഥലം. അനേക വാസസ്ഥലങ്ങളിൽ ഒന്നാണ് നിങ്ങൾ എന്ന് മറക്കരുത്.

## H. ഇത് ദൈവത്തിന്റെ നിവാസത്തിന്റെ കെട്ടുപണിക്കുവേണ്ടി

ത്രിയേകദൈവം വിശ്വാസികളുമൊത്ത് തന്റെ വാസസ്ഥലം ഉണ്ടാക്കുന്നത് അവന്റെ നിവാസത്തിന്റെ കെട്ടുപണിക്കുവേണ്ടിയാണ്. നിങ്ങൾ കർത്താവിന്റെ സന്നിധിയിൽ ആണെന്നും കർത്താവ് നിങ്ങളുടെ ഉള്ളിൽ നിറവോടെ വസിക്കുന്നു എന്നും ഉള്ള മധുരമായ ബോധം നിങ്ങൾക്ക് ഉണ്ടായിരുന്നപ്പോഴെല്ലാം, എല്ലാ വിശ്വാസികളെയും നിങ്ങൾ സ്നേഹിക്കുന്നു എന്ന ബോധവും നിങ്ങൾക്ക് ഉണ്ടായിരുന്നു. ആ സമയത്തുള്ള നിങ്ങളുടെ അനുഭവജ്ഞാനം അനുസരിച്ച്, നിങ്ങൾക്ക് ഒരു വിശ്വാസിയുമായും യാതൊരു പ്രശ്നവും ഇല്ലായിരുന്നു; എല്ലാ സഹോദരന്മാരുടെയും സഹോദരിമാരുടെയും

തെറ്റുകൾ ക്ഷമിക്കുവാൻ നിങ്ങൾ സന്നദ്ധനായിരുന്നു. എന്താണിത്? ഇത് ദൈവത്തിന്റെ കെട്ടുപണിക്കുവേണ്ടി വിശ്വാസികളുമായും ഒന്നായിരിക്കുവാനുള്ള താൽപര്യമാണ്. കർത്താവുമായി ഇത്തരം ഒരു സാഹചര്യത്തിൽ ആയിരിക്കുമ്പോഴെല്ലാം, നിങ്ങൾ വിശുദ്ധന്മാരുമായി ഇഴുകിച്ചേരുവാൻ താൽപര്യമുള്ളവരായിരിക്കും. നിങ്ങൾ തനിയേ ആയിരിക്കുവാൻ ആഗ്രഹിക്കുന്നില്ല. ഇന്ന് ഭൂമിയിൽ മനുഷ്യരുടെ ഇടയിലുള്ള ദൈവത്തിന്റെ നിവാസത്തിന്റെ കെട്ടുപണി ആകമാനം ഈ അനുഭവത്തെ ആശ്രയിച്ചിരിക്കുന്നു. ഒരുപക്ഷേ രണ്ടു സഹോദരന്മാർക്ക് തമ്മിൽ ഒരു പ്രശ്നം ഉണ്ടായിരിക്കാം. അത് പരിഹരിക്കുവാൻ എന്തിന് കഴിയും? അത് ചെയ്യുക എളുപ്പമല്ല. ഒരു ദിവസം അവർ രണ്ടുപേരും കർത്താവിനെ സ്നേഹിക്കുവാൻ തുടങ്ങുകയും, അവർക്ക് അവനെ സംബന്ധിച്ച് ആഴമുള്ളതും മധുരവുമായ മതിപ്പ് ഉണ്ടാവുകയും ചെയ്യുന്നു. കർത്താവ് അവർക്ക് ഒരു കല്പന കൊടുക്കുകയും അവർ അത് സ്വീകരിക്കുകയും ചെയ്യുന്നു. ഉടൻതന്നെ അവർ രണ്ടുപേരും കർത്താവിന്റെ സന്നിധിയിൽ ആവുകയും പ്രശ്നം പരിഹരിക്കപ്പെടുകയും ചെയ്യും. ഈ വിധത്തിലാണ് കർത്താവ് നമ്മുടെ ഇടയിലെ ദിവ്യവേല ചെയ്യുന്നത്. ഇത് ഒരു സംഘടിപ്പിക്കലിന്റെയോ നിയന്ത്രണത്തിന്റെയോ പുറമേയുള്ള പഠിപ്പിക്കലിന്റെയോ കാര്യമല്ല. ഇത് തികച്ചും, നാം കർത്താവിനെ സ്നേഹിക്കുന്നതിന്റെയും അവന്റെ പ്രത്യക്ഷത അനുഭവിക്കുന്നതിന്റെയും അവൻ നമ്മോടൊത്ത് വസിക്കുന്നതിന്റെയും കാര്യമാണ്.

## IV. ആശ്വാസപ്രദായകന്റെ ഓർമ്മപ്പെടുത്തലും ജീവന്റെ സമാധാനവും

### A. പരിശുദ്ധാത്മാവ് എന്ന ആശ്വാസപ്രദായകനെ പുത്രന്റെ നാമത്തിൽ പിതാവ് അയയ്ക്കുന്നു

26-ാം വാക്യത്തിൽ കർത്താവ് പറഞ്ഞു,“എങ്കിലും പിതാവ് എന്റെ നാമത്തിൽ അയയ്ക്കുവാനുള്ള പരിശുദ്ധാത്മാവ് എന്ന ആശ്വാസപ്രദായകൻ നിങ്ങൾക്കു സകലവും ഉപദേശിച്ചുതരുകയും ഞാൻ നിങ്ങളോടു പറഞ്ഞതൊക്കെയും നിങ്ങളെ ഓർമ്മപ്പെടുത്തുകയും ചെയ്യും.” ഇവിടെ നാം കാണുന്നത് പരിശുദ്ധാത്മാവ് എന്ന ആശ്വാസപ്രദായകനെ പുത്രന്റെ നാമത്തിൽ പിതാവ് അയയ്ക്കുന്നു എന്നാണ്. പരിശുദ്ധാത്മാവ് അയയ്ക്കപ്പെടുന്നത് പിതാവിനാൽ മാത്രമല്ല, പിതാവിൽനിന്നും പിതാവിനോടുകൂടെയും ആണ്(15:26). 15:26-ലെ “അടുക്കൽനിന്ന്”എന്ന് തർജ്ജമ ചെയ്യപ്പെട്ടിരിക്കുന്നതിന്റെ ഗ്രീക്ക് ഉപസർഗം para എന്നാണ്. ഈ വാക്കിന്റെ അർത്ഥം“പിതാവിനോടുകൂടെ”എന്നും പലപ്പോഴും“പിതാവിൽനിന്ന്”എന്നും ആണ്. ഇത്

യോഹന്നാന്റെ സുവിശേഷത്തിൽ പലയിടത്തും കാണപ്പെടുന്നു. ഉദാഹരണമായി 6:46-ലെ കർത്താവിന്റെ വചനം എടുക്കാം,"പിതാവിനെ ആരെങ്കിലും കണ്ടിട്ടുണ്ട് എന്നല്ല, ദൈവത്തിൽനിന്നുള്ളവൻ മാത്രമേ പിതാവിനെ കണ്ടിട്ടുള്ളു."ഈ വാക്യത്തിലെ ദൈവത്തിൽനിന്ന് എന്ന പദം ഗ്രീക്കിൽ para ആണ്. ഇവിടുത്തെ അർത്ഥം "ദൈവത്തോടുകൂടെ," "ദൈവത്തിൽനിന്ന്"എന്നാണ്. കർത്താവ് ദൈവത്തിൽനിന്നു മാത്രമല്ല, ദൈവത്തോടുകൂടെയും ആണ്. ദൈവത്തിൽനിന്നുള്ളവൻ ആയിരിക്കെത്തന്നെ അവൻ ദൈവത്തോടുകൂടെയും ആണ് (8:16,29;16:32). Para എന്നതിന്റെ അർത്ഥത്തിന്റെ മറ്റൊരു ഉദാഹരണം 17:8-ൽ നാം കാണുന്നു. അവിടെ കർത്താവ് ശിഷ്യന്മാരെക്കുറിച്ച് പിതാവിനോട് പറയുന്നത്, "ഞാൻ നിന്റെ അടുക്കൽനിന്നു വന്നിരിക്കുന്നു എന്ന് സത്യമായിട്ട്(അവർ) അറിഞ്ഞിരിക്കുന്നു"എന്നാണ്. ഒരിക്കൽകൂടി, ഇവിടെ ഈ ഉപസർഗത്തിന്റെ അർത്ഥം"നിന്റെ അടുക്കൽനിന്ന്," "നിന്നോടുകൂടെ"എന്നാണ്. അതുപോലെ പരിശുദ്ധാത്മാവ് എന്ന ആശ്വാസപ്രദായകൻ"പിതാവിൽനിന്ന്," "പിതാവിനോടുകൂടെ"അയയ്ക്കപ്പെട്ടു. ഇതിനർത്ഥം ആത്മാവ് വന്നത് പിതാവിൽനിന്നു മാത്രമല്ല, പിതാവിനോടുകൂടെയും ആണ് എന്നാണ്. പിതാവ് ആത്മാവിനെ അയയ്ക്കുമ്പോൾ, അവൻ ആത്മാവിനൊപ്പം വരുന്നു. ആശ്വാസപ്രദായകൻ പിതാവിൽനിന്നും പിതാവിനോടൊപ്പവും വരുന്നു. പിതാവാണ് സ്രോതസ്സ്. ആത്മാവ് സ്രോതസ്സിൽനിന്നു വരുമ്പോൾ അതിന്റെ അർത്ഥം അവൻ സ്രോതസ്സ് വിട്ടുവരുന്നു എന്നല്ല, സ്രോതസ്സോടുകൂടെ വരുന്നു എന്നാണ്.

പരിശുദ്ധാത്മാവ് എന്ന ആശ്വാസപ്രദായകനെ, പിതാവ് അയയ്ക്കുന്നത് പുത്രന്റെ നാമത്തിലാണ്. അതുകൊണ്ട്, പരിശുദ്ധാത്മാവ് പുത്രന്റെ നാമത്തിൽ വരുന്നത് അവന്റെ നാമത്തിന്റെ യാഥാർത്ഥ്യം ആകുവാനാണ്. "എന്റെ നാമത്തിൽ," എന്നതിന്റ അർത്ഥം എന്താണ്? നാമം പുത്രൻ തന്നെയും, ആത്മാവ് പുത്രന്റെ വ്യക്തിത്വവും ആളത്തവും ആണ്. നാം പുത്രന്റെ നാമം വിളിച്ചപേക്ഷിക്കുമ്പോൾ, നമുക്ക് ആത്മാവിനെ ലഭിക്കുന്നു(1 കൊരി.12:3). പുത്രൻ പിതാവിന്റെ നാമത്തിൽ വന്നു(യോഹ.5:43), കാരണം പുത്രനും പിതാവും ഒന്നാണ് (10:30). ഇപ്പോൾ, ആത്മാവ് പുത്രന്റെ നാമത്തിൽ വരും, കാരണം ആത്മാവും പുത്രനും ഒന്നാണ്(2 കൊരി.3:17). ഇങ്ങനെ ത്രിയേക ദൈവം-പിതാവും പുത്രനും ആത്മാവും-ഒടുവിൽ ആത്മാവായി നമ്മുടെ അടുത്ത് വരുന്നു.

ആത്മാവ് പുത്രന്റെ നാമത്തിൽ വരുന്നു. നിങ്ങൾ യേശുവിന്റെ നാമം വിളിച്ചപേക്ഷിക്കുമ്പോൾ, ആത്മാവ് വരുന്നു. പുത്രന്റെ നാമം യേശു എന്നാണ്, അവന്റെ വ്യക്തിത്വം(person)ആത്മാവ് ആണ്. പിതാവായ ദൈവം ആത്മാവിനെ അയയ്ക്കുകയും, ആത്മാവ് പുത്രന്റെ

നാമത്തിൽ വരുകയും ചെയ്യുന്നു. ആത്യന്തികമായി, വരുന്നത് ത്രിയേകദൈവമാണ്. ആത്മാവ് നമ്മുടെ അടുത്ത് വരുമ്പോൾ പിതാവും വരുന്നു. പുത്രനും ഇവിടെ ഉണ്ട്, കാരണം ആത്മാവ് വരുന്നത് പിതാവിനോടുകൂടെ പുത്രന്റെ നാമത്തിലാണ്. പിതാവ് ആത്മാവിനെ അയയ്ക്കുന്നത് തന്നിൽനിന്നും തന്നോടുകൂടെയും ആണ്; ആത്മാവ് വരുന്നത് പുത്രന്റെ നാമത്തിൽ ആണ്. ആത്മാവ് വരുന്നത് പുത്രനായാണ്. അവന്റെ വരവ് പുത്രന്റെ വരവാണ്. ഈ പുത്രൻ വരുന്നത് പിതാവിൽനിന്നും പിതാവിനോടുകൂടെയും ആണ്. അതുകൊണ്ട്, ഒരുവൻ വരുമ്പോൾ, മൂവരും സന്നിഹിതരാണ്.

ഞാൻ ഇത് ഒരിക്കൽകൂടി പറയട്ടെ. പിതാവ് ആത്മാവിനെ തന്നോടുകൂടെ അയയ്ക്കുന്നു. ആത്മാവ്, പിതാവിനോടൊപ്പം വരുന്നതുകൊണ്ട്, പിതാവ് വരുന്നത് ആത്മാവിനോടൊപ്പം ആണ്. ആത്മാവ് വരുന്നത് പുത്രന്റെ നാമത്തിലും പുത്രനായും ആണ്. ആത്മാവ് വരുമ്പോൾ, പുത്രനാണ് വരുന്നത്. അങ്ങനെ, ആത്മാവ് വരുമ്പോൾ മൂവരും സന്നിഹിതരാണ്.

തന്റെ ക്രൂശ്മരണത്തിനു മുമ്പ് കർത്താവ് ശിഷ്യന്മാരോട് പറഞ്ഞ എല്ലാ കാര്യങ്ങളും അവരെ ഓർമ്മപ്പെടുത്തുവാൻ കർത്താവിന്റെ പുനരുത്ഥാനത്തിനുശേഷം ആത്മാവ് വന്നു. ഇത് പുത്രനായി, പുത്രന്റെ നാമത്തിൽ വന്ന, പിതാവിൽനിന്നും പുത്രനോടുകൂടെയും അയയ്ക്കപ്പെട്ട ആത്മാവിന്റെ ഓർമ്മപ്പെടുത്തലാണ്. നാമം പുത്രൻതന്നെയും ആത്മാവ് പുത്രന്റെ ആളത്തവും വ്യക്തിത്വവും ആണ്. ശിഷ്യന്മാർ പുത്രന്റെ നാമം വിളിച്ചപേക്ഷിച്ചപ്പോൾ, അവർക്ക്, തന്റെ മരണത്തിനു മുമ്പ് പുത്രൻ അവരോടു പറഞ്ഞവ അവരെ ഓർമ്മപ്പെടുത്തിയ ആത്മാവിനെ ലഭിച്ചു.

## B. ജീവന്റെ സമാധാനം

### *1. ലോകത്തിന്റെ സമാധാനത്തിൽനിന്ന് വ്യത്യസ്തം*

"സമാധാനം ഞാൻ നിങ്ങൾക്കു വിട്ടേച്ചു പോകുന്നു; എന്റെ സമാധാനം ഞാൻ നിങ്ങൾക്കു തരുന്നു; ലോകം തരുന്നതുപോലെ അല്ല ഞാൻ നിങ്ങൾക്കു തരുന്നത്. നിങ്ങളുടെ ഹൃദയം കലങ്ങരുത്, ഭ്രമിക്കുകയും അരുത്"എന്ന് 27-ാം വാക്യത്തിൽ കർത്താവ് പറഞ്ഞു. ഇവിടെ നാം ജീവന്റെ സമാധാനം കാണുന്നു. അത് ലോകത്തിന്റെ സമാധാനത്തിൽനിന്നു വ്യത്യസ്തമാണ്.

### *2. എല്ലാ കുഴപ്പത്തെയും ഭയത്തെയും ജയിക്കുന്നു*

ജീവന്റെ സമാധാനം എല്ലാ കുഴപ്പത്തെയും ഭയത്തെയും ജയിക്കുന്നു. ഈ വേദ ഭാഗത്തുള്ള എല്ലാ കുഴപ്പത്തിനും ഭയത്തിനും കാരണം പീഡിപ്പിക്കുന്ന മതമാണ്. അക്കാലത്ത്, കർത്താവായ യേശുവിനെ

അനുഗമിക്കുന്നത് ഒരു ചെറിയ കാര്യമായിരുന്നില്ല. ശിഷ്യന്മാർ അപ്രകാരം ചെയ്തത് തങ്ങളുടെ ജീവൻ പണയം വച്ചോ, കുറഞ്ഞപക്ഷം, തങ്ങളുടെ ഉപജീവനമാർഗ്ഗം നഷ്ടപ്പെടുവാൻ ഒരുങ്ങിയോ ആയിരുന്നു. ശിഷ്യന്മാർ, എതിർക്കുകയും പീഡിപ്പിക്കുകയും ചെയ്യുന്ന മതത്താലുള്ള ഭയത്തിൻകീഴിലായിരുന്നതുകൊണ്ട്, കർത്താവ് അവരോട്, അവനിൽ അവർക്ക് സമാധാനം ഉണ്ട് എന്നു പറഞ്ഞു. അവൻ തന്റെ സമാധാനം അവർക്ക് വിട്ടേച്ചുപോയി. ഈ സമാധാനം കർത്താവു തന്നെ ആയിരുന്നു. മതം നമുക്കു നല്കുന്നത് എതിർപ്പോ പീഡനമോ അപഖ്യാതികളോ ദുഷ്പ്പേരുകളോ ആയാലും, നമ്മുടെ ഉള്ളിലുള്ള കർത്താവായ യേശു നമ്മുടെ ജീവനും നമ്മുടെ സമാധാനവുമാണ്. നമുക്കിപ്പോൾ കർത്താവിനെ നമ്മുടെ ജീവനായും നമ്മുടെ വാസസ്ഥലമായും നമ്മുടെ സമാധാനമായും ആസ്വദിക്കാം. അവൻ നമുക്ക് സകലവുമായതിനാൽ അവനെ സ്തുതിക്കുക. അവൻ നമ്മുടെ ജീവനും നിവാസവും നമ്മുടെ സമാധാനവുമാണ്.

### *3. ലോകത്തിന്റെ ഭരണാധിപന്, ഈ സമാധാനദാതാവിൽ ഒന്നുമില്ല*

ഈ ലോകത്തിന്റെ ഭരണാധിപന്, ഈ സമാധാനദാതാവിൽ ഒന്നുമില്ല(14:30). ഈ വാക്യത്തിൽ കർത്താവ് പറഞ്ഞു:"ലോകത്തിന്റെ ഭരണാധിപൻ വരുന്നു, എന്നിൽ അവന് ഒന്നുമില്ല. ലോകത്തിന്റെ ഭരണാധിപൻ സാത്താൻ ആണ്. അവൻ കർത്താവിനെ ആക്രമിക്കുവാനുള്ള നാഴിക വരുകയായിരുന്നു, എന്നാൽ സാത്താന് അവനിൽ ഒന്നുമില്ലായിരുന്നു എന്ന് കർത്താവ് പറഞ്ഞു. അടുത്ത വാക്യത്തിൽ കർത്താവു പറഞ്ഞു,"ഞാൻ പിതാവിനെ സ്നേഹിക്കുന്നു എന്നും, പിതാവ് എന്നോടു കല്പിച്ചതുപോലെ ഞാൻ ചെയ്യുന്നു എന്നും ലോകം അറിയട്ടെ."ഇവിടെ അവനോടുള്ള പിതാവിന്റെ കല്പന നമ്മെ ദൈവത്തിലേക്ക് കൊണ്ടുവരുന്നതിനുവേണ്ടി മരിക്കുക എന്നതായിരുന്നു. താൻ പിതാവിനെ സ്നേഹിച്ചു എന്ന് ലോകത്തെ കാണിക്കുന്നതിനുവേണ്ടി കർത്താവ് ഈ കല്പന നിറവേറ്റി. സാത്താൻ അവനെ ജയിക്കുന്നതിൽ പരാജയപ്പെട്ടു എന്നോ, സാത്താന് അവനിൽ ഒന്നുമില്ല എന്നോ, കാണിക്കുന്നതിനായിരുന്നില്ല കർത്താവ് മരണത്തിലേക്ക് പോയത്. മറിച്ച്, താൻ പിതാവിനെ അത്രമാത്രം സ്നേഹിച്ചു എന്ന് ലോകത്തിനു തെളിയിച്ചുകൊടുക്കുവാൻ അവൻ പോവുകയായിരുന്നു എന്നതുകൊണ്ടായിരുന്നു കർത്താവ് മരണത്തിലേക്ക് പോയത്.

ഈ ഘട്ടത്തിൽ, ഈ അദ്ധ്യായത്തിന്റെ അർത്ഥത്തെ സംബന്ധിച്ച് നമുക്ക് വ്യക്തതയുണ്ട് എന്നു ഞാൻ വിശ്വസിക്കുന്നു. മരിക്കുവാനും പുനരുത്ഥാനം ചെയ്യുവാനും തനിക്ക് നമ്മിലേക്ക് വരുവാനും നമ്മെ

ദൈവത്തിലേക്ക് കൊണ്ടുവരുവാനുമായി, തന്റെ മറ്റൊരു രൂപമായ, മറ്റൊരു ആശ്വാസപ്രദായകനായ, ആത്മാവായി കായാന്തരപ്പെടുവാനും കർത്താവ് പോവുകയായിരുന്നു. പുനരുത്ഥാന ജീവനാൽ ദൈവവുമായുള്ള ഒരുമയിൽ നാം ചേർക്കപ്പെട്ടു. കർത്താവിന്റെ മരണത്താലും പുനരുത്ഥാനത്താലും മാത്രമാണ് നമുക്ക് ദൈവവുമായി ചേരുവാനും നമ്മെ അവനിലേക്ക് കൊണ്ടുവരുവാനും കഴിഞ്ഞത്. തന്റെ മരണത്താൽ കർത്താവ്, പാപത്തെയും പാപങ്ങളെയും സ്വയത്തെയും പഴയ മനുഷ്യനെയും ജഡത്തെയും ലോകത്തിന്റെ പ്രഭുവിനെയും മരണത്തെയും എടുത്തു കളഞ്ഞു. തന്റെ മരണത്തിലൂടെ കർത്താവ് ഈ തകർച്ചകളെയെല്ലാം നീക്കികളഞ്ഞു. തന്റെ പുനരുത്ഥാനത്താൽ അവൻ ഇപ്പോൾ ആത്മാവാണ്, ആത്മാവായി അവൻ നമ്മിലേക്ക് വരുകയും നമ്മെ ദൈവവുമായുള്ള ഐക്യത്തിലേക്ക് കൊണ്ടുവരുകയും ചെയ്യുന്നു. ഇപ്പോൾ അവൻ പിതാവിലും നാം അവനിലും അവൻ നമ്മിലും ആണ്. തത്ഫലമായി നാമും പിതാവിൽ ആണ്. നാം അവനെ സ്നേഹിക്കുകയും അവനുമായി സഹകരിക്കുകയും ചെയ്താൽ, അവൻ അവനെത്തന്നെ കൂടുതൽ കൂടുതലായി നമുക്ക് വെളിപ്പെടുത്തും. നാം കർത്താവിനെ സ്നേഹിക്കുന്തോറും, ത്രിയേകദൈവം നമ്മുടെ അടുത്ത് വരുകയും നമ്മോടൊത്ത് അവന്റെ ഭവനം ഉണ്ടാക്കുകയും നമ്മോടൊത്ത് ഒരു പരസ്പര വാസസ്ഥലം ഉണ്ടാക്കുകയും ചെയ്യും. ഈ പരസ്പര വാസസ്ഥലമാണ് ദൈവവും മനുഷ്യനുമായുള്ള ഇഴുകിച്ചേരൽ. ഈ ഇഴുകിച്ചേരലിന്റെ ഒരുമയാണ് ആത്മീയ വാസസ്ഥലം, ദിവ്യനിവാസം, പരസ്പര വാസസ്ഥാനം. നാം ദൈവത്തിന് വാസസ്ഥലവും ദൈവം നമുക്ക് വാസസ്ഥലവും ആണ്. ഇതാണ് യഥാർത്ഥ കെട്ടുപണി. ഈ അദ്ധ്യായത്തിൽ കാണുന്ന കർത്താവിന്റെ വാക്കിന്റെ ഉചിതവും ശരിയുമായ അർത്ഥം ഇതാണ്.